# വെയിൽ കൊള്ളാത്തവർ സൂക്ഷിക്കുക

ത്വക്ക് ക്യാൻസർ ഒഴിവാക്കാൻ വെയിൽ കൊള്ളാതിരുന്ന സായിപ്പന്മാർ ഇപ്പോൾ അബദ്ധം പറ്റിയ പോലെ പാഞ്ഞുനടപ്പാണ്. കാരണം അമേരിക്കയിൽ നിന്നുള്ള പുതിയ പഠനം തെളിയിക്കുന്നത് വെയിൽ ആവശ്യത്തിന് കൊള്ളാതിരിക്കുന്നത് മറ്റു പലതരം ക്യാൻസറിനും കാരണമായേക്കുമെന്നാണ്.

നല്ല വെളുത്ത തൊലിയുള്ളവർക്ക് വെയിലിലെ അൾട്രാവയലറ്റ് രശ്മികൾ കാരണം ത്വക്ക് ക്യാൻസർ വരാനുള്ള സാധ്യത കൂടുതലാണെന്നാണ് അടുത്ത കാലം വരെ കരുതിയിരുന്നത്. കറുത്ത നിറമുള്ളവരുടെ ത്വക്കിലുള്ള മെലനിൻ എന്ന രാസവസ്തു ത്വക്ക് ക്യാൻസർ സാധ്യതയിൽ നിന്നും സംരക്ഷിക്കുന്നു എന്ന പൊതുധാരണയും കണ്ടെത്തലുകളുമാണ് പുതിയ വെളിപ്പെടുത്തലുകളിൽ തകർക്കപ്പെട്ടത്.

അമേരിക്കയിലെ ഒരു സംഘം ശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധയിൽ കുടലിലുണ്ടാകുന്ന ക്യാൻസർ മൂലമുള്ള മരണങ്ങൾ ശ്രദ്ധയിൽ പെട്ടപ്പോൾ തുടങ്ങിയ അന്വേഷണം വഴി തെളിയിച്ചത് ക്യാൻസറിന് വഴിതെളിയിക്കുന്നതിൽ സൂര്യപ്രകാശത്തിന്റെ അഭാവമുണ്ടെന്നാണ്. സ്ഥിതിവിവരക്കണക്കുകളനുസരിച്ച് കുടലിലെ ക്യാൻസർ മൂലമുള്ള മരണങ്ങൾ മിക്കവാറും വടക്കൻ ഭാഗങ്ങളിൽ മാത്രമാണ് കാണപ്പെട്ടത്.